"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ സന്തോഷ് കുമാർ എം. പി. ഫയൽ ചെയ്ത OA(EKM) 1067/2025 ന്മേലുള്ള 31.07.2025 ലെ ഉത്തരവിലെ നിർദ്ദേശം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2836/2025/LSGD തീയതി,തിരുവനന്തപുരം, 18-11-2025

---

പരാമർശം:-
1. G O(Rt) No. 2081/2021/LSGD തിയതി 23.10.2021
2. G O (P) No. 3/2023/LSGD തിയതി 04.01.2023
3. OA(EKM) 1067/2025 ന്മേലുള്ള 31.07.2025 ലെ ഉത്തരവ്.
4. CRL.MC.No.7264/2019-നുമേലുള്ള ബഹു.ഹൈക്കോടതിയുടെ 21/02/2025-ലെ ഉത്തരവ്
5. 25.10.2025 ന് ചേർന്ന അഡ്ഹോക് ഡി.പി.സി (ഹയർ) യോഗത്തിന്റെ മിനിട്സ്.
6. G.O.(P) No.66/2025/LSGD തീയതി 14.11.2025
7. കേരള ഗസറ്റ് (അസാധാരണം) നം. 4054 തീയതി 15/11/2025

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ സന്തോഷ് കുമാർ എം. പി., തനിക്കെതിരെ നിലവിലുണ്ടായിരുന്ന ക്രിമിനൽ കേസ് പരാമർശം (4) പ്രകാരം ബഹു.ഹൈക്കോടതി റദ്ദാക്കിയതിനുശേഷവും, 06/11/2019 പ്രാബല്യത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കും 11/01/2023 പ്രാബല്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുമുള്ള സ്ഥാനക്കയറ്റത്തിനുള്ള ടിയാന്റെ അവകാശം പരിഗണിക്കാത്തതിനെതിരെ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ 1067/2025 നമ്പരായി OA ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൻമേലുള്ള പരാമർശം(3)-ലെ ഉത്തരവിൽ, ടി ഉത്തരവിന്റെ പകർപ്പ് ലഭിച്ച് ആറാഴ്ചയ്ക്കുള്ളിൽ, റിവ്യൂ ഡിപിസി കൂടി, 2019 മുതലുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകന്റെ കേസ് പരിഗണിക്കുന്നതിന് മൂന്നാം എതിർകക്ഷിയായ ഡിപാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൺവീനർക്ക്( തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി) നിർദ്ദേശം നല്കിയിരുന്നു.

2) ബഹു. ട്രിബ്യൂണലിന്റെ പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25/10/2025 ന് ചേർന്ന അഡ്-ഹോക് ഡിപിസി (ഹയർ) യോഗം, ശ്രീ സന്തോഷ് കുമാർ എം. പി യ്ക്കെതിരെ നിലവിലുണ്ടായിരുന്ന അച്ചടക്ക നടപടി സെൻഷർ എന്ന മൈനർ ശിക്ഷ ചുമത്തി പരാമർശം (1) പ്രകാരം തീർപ്പാക്കുകയായിരുന്നുവെന്നും, പകരം ടിയാനെ കുറ്റവിമുക്തനാക്കുക ആയിരുന്നില്ല എന്നും നിരീക്ഷിക്കുകയും തുടർന്ന് സന്തോഷ് കുമാർ എം. പി യെ 2021ലെ സെലക്ട് ലിസ്റ്റിൽ

ഉൾപ്പെടുത്താമെന്ന് കാണുകയും എന്നാൽ 23.10.2021 ന് ശേഷം 2021 ൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് ഒഴിവ് നിലവിൽ വന്നിരുന്നില്ല എന്നതിനാൽ പരാമർശം (2 ) പ്രകാരം പ്രസിദ്ധീകരിച്ച 2022 ലെ സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്ത്, ടിയാനെ ടി ലിസ്റ്റിലെ ഒന്നാമനായ ശ്രീ. സുരേഷ് ബി.എൻ.-ന് മുകളിലായി ഉൾപ്പെടുത്താമെന്നും ശ്രീ. സുരേഷ് ബി എൻ ന്റെ സ്ഥാനം 1(a) ആയി റിവൈസ് ചെയ്യാമെന്നും പരാമർശം (5) പ്രകാരം മേൽ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

3) അഡ്ഹോക് ഡിപിസി (ഹയർ) യുടെ പരാമർശം (5) യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ. സന്തോഷ് കുമാർ എം. പി യെ പരാമർശം (2 ) പ്രകാരം പ്രസിദ്ധീകരിച്ച 2022 ലെ സെലക്ട് ലിസ്റ്റിൽ ഒന്നാമനായ ശ്രീ. സുരേഷ് ബി. എൻ.- ന് മുകളിലായി ഉൾപ്പെടുത്തി ശ്രീ സുരേഷ് ബി.എൻ. ന്റെ സ്ഥാനം 1(a) ആയി റിവൈസ് ചെയ്ത് പ്രസ്തുത സെലക്ട് ലിസ്റ്റ് പരാമർശം (6) പ്രകാരം അംഗീകരിച്ച് ഉത്തരവാകുകയും ആയത് പരാമർശം (7) പ്രകാരം കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

OA(EKM) 1067/2025 മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (3)-ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (*ആമുഖ കത്ത് സഹിതം*)
ശ്രീ. സന്തോഷ് കുമാർ എം. പി., ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ,
ഒല്ലൂക്കര പി ഒ, തൃശ്ശൂർ-680681
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(ഇപിബി1/177/2025-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 19-11-2025 10:06:24
സെക്ഷൻ ഓഫീസർ